അക്ഷര പബ്ലിക് ലൈബ്രറി ഡിജിറ്റൽ പ്രസിദ്ധീകരണം



അക്ഷര ഡിജിറ്റൽ

കവിതാ സമാഹാരം

മഴത്തുള്ളികൾ പെയ്തിറങ്ങുമ്പോൾ

ആമുഖം


ചങ്ങനാശേരി താലൂക്കിൽ കണിച്ചുകുളം കേന്ദ്രമാക്കി 2012 സെപ്റ്റബർ-15ന് അക്ഷര പബ്ലിക് ലൈബ്രറി പ്രവർത്തനം ആരംഭിച്ചത്.ഈ കാലഘത്തിനിടയ്ക്ക് ലൈബ്രറിയ്ക്ക് വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

2020 സെപ്റ്റബർ 6ന് അക്ഷര ലൈബ്രറിയുടെ മുഖപത്രമായി "അക്ഷര ഡിജിറ്റൽ ത്രൈമാസികയ്ക്ക്"തുടക്കം കുറിച്ചു.ഈ മുഖപത്രത്തിലൂടെ ലൈബ്രറിയുടെ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനോടൊപ്പം എഴുതുന്നവരെയും എഴുതാൻ ആഗ്രഹിക്കുന്നവരെയും കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യം സ്വാർത്ഥകമാക്കുവാൻ അക്ഷര ലൈബ്രറിയ്ക്ക് സാധിച്ചു.2022 ഡിസംബറിൽ 10 ലക്കങ്ങളുമായി ജൈത്രയാത്ര തുടരുന്നു.

അക്ഷര ലൈബ്രറി ഡിജിറ്റൽ വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി " അക്ഷര വിക്ഷൻ ഡിജിറ്റൽ പബ്ലിക്കേഷനിലൂടെ "(AVDP)ഡിജിറ്റൽ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ട് 'അക്ഷര ഡിജിറ്റൽ ലൈബ്രറിയ്ക്ക് ' തുടക്കം കുറിക്കുകയാണ്.ആ ലക്ഷ്യത്തിലേക്കായി അക്ഷര ഡിജിറ്റൽ ത്രൈമാസികയിൽ 10 ലക്കങ്ങളായി പ്രസിദ്ധീകരിച്ച കവിതകൾ "മഴത്തുള്ളികൾ പെയ്തിറങ്ങുമ്പോൾ" എന്ന പേരിൽ ആദ്യ കവിതാ സമാഹാരമായി 2023 ഡിസംബർ 29ന് "അക്ഷരോത്സവം-2023"(അക്ഷര ലൈബ്രറി 10-□□ വാർഷികം)ത്തിന് പ്രിയങ്കരനായ ചങ്ങനാശേരിയുടെ MLA ശ്രീ.അഡ്വ ജോബ് മൈക്കിൾ പ്രകാശനം ചെയ്യുകയാണ്.ലോകചരിത്രത്തിൽ തന്നെ ആദ്യമായായിരിക്കും ഒരു പബ്ലിക് ലൈബ്രറിയുടെ കീഴിൽ ഡിജിറ്റൽ ലൈബ്രറി ആരംഭിക്കുന്നത്.ഇതുവഴി ഡിജിറ്റൽ പുസ്തക പ്രകാശനങ്ങളുടെ പുത്തൻ അദ്ധ്യായത്തിന് തുടക്കം കുറിക്കാൻ കഴിയും എന്ന ചാരിതാർത്ഥ്യം ലൈബ്രറി പ്രവർത്തകരായ ഞങ്ങൾക്കുണ്ട്.ഒരു പ്രദേശത്തു മാത്രം ചുരുങ്ങപെടേണ്ട ലൈബ്രറി,ആഗോള ലൈബ്രറിയായി മാറുന്നു എന്ന പ്രത്യേകത കൂടിയാണ് അക്ഷര ഡിജിറ്റൽ പുസ്തക പ്രസാധനത്തിലൂടെ സാക്ഷാത്ക്കരിക്കപ്പെടുന്നത്.

ഡിജിറ്റൽ രംഗത്ത് ഈ പ്രവർത്തനം നടത്തുന്നതിൽ ലൈബ്രറിയെ പ്രാപ്തമാക്കുന്നത് 'Canva' എന്ന ഡിജിറ്റൽ ഫ്ലാറ്റ് ഫോംമിലൂടെയാണ്.ഈ പ്രവത്തനങ്ങൾക്ക് മുഖ്യധാരയിൽ നിന്നു പ്രവർത്തിക്കുന്നത് അക്ഷരലൈബ്രറി കമ്മറ്റിയംഗവും,യുവജനവേദിയുടെ സെക്രട്ടറിയും,ഡിജിറ്റൽ രംഗത്തിന്റെ ചാർജ്ജുകാരനുമായ ശ്രീ.സുബിൻ കെ.എസ് ആണ്.ഈ ഉദ്യമം ഡിജിറ്റൽ വായനയെ കൂടുതൽ പരിപോഷിപ്പിക്കും എന്നു ലൈബ്രറി കരുതുന്നു.അറിവിന്റെ പുതിയ വാതായനങ്ങൾക്കായി നമ്മുക്കൊന്നായി അണിചേരാം.

സ്നേഹപൂർവ്വം
അക്ഷര പബ്ലിക് ലൈബ്രറി
സെക്രട്ടറി



അജേഷ്കുമാർ പി.ബേബി

ഉള്ളടക്കം

1. ജീവിതപ്പുഴ ..... രതീഷ് നാരായണൻ
2. ശ്രീബുദ്ധ സന്ദേശം ..... പി.എം ചാക്കോ
3. മഷിത്തണ്ട് ..... അജയകുമാർ എം.എൻ
4. വയൽപ്പക്ഷി ..... സുരേഷ് ടി.കെ
5. രക്താർബുദം ..... ശ്രുതി.സിആർ
6. മരണം ..... ജോബിൻ പോൾ വർഗ്ഗീസ്
7. പ്രപഞ്ച സത്യം ..... സി.ഡി ബാബു
8. വേർപ്പാട് ..... നന്ദു
9. കട്ടിൽ ..... ജയപ്രകാശ് എറവ്
10. മഴയുടെ സംഗീതം ..... അജേഷ്കുമാർ പി. ബേബി
11. വൈരാഗ്യം രൂപപ്പെടുമ്പോൾ ..... ശ്രീന.എസ്
12. മനസ്സ് ..... ഒഴുകുപാറ സത്യൻ
13. ഏകൻ ..... സി.ഡി ബാബു
14. വിരഹം ..... ശുഭ വയനാട്
15. മഴ പെയ്ത്ത് ..... ശുഭ വയനാട്
16. ബാല്യം ..... സി.ഡി ബാബു
17 മഴച്ചിന്തുകൾ ..... ഖൈറുന്നിസ
18 വളയപ്പെടുന്ന നിൻ ഓർമ്മകളിൽ ..... ദേവപ്രിയ സജീവ്
19 ഋതു ..... ഏയ്ഞ്ചൽ സാബു
20 സൂര്യോദയം ..... റോസ്സി മോൾ റെജി
21 ഭാഗ്യവാന്മാർ ..... റഹ്മത്തുള്ള പി.കെ
22 ലയനം ..... സി.ഡി ബാബു
23 പരിചിതരിലെ അപരിചിതർ ..... ഖൈറുന്നിസ
24 മൺതട്ടുകൾക്കും മീതെ ..... ദേവപ്രിയ സജീവ്
25 കെട്ടഴിയും പശു ..... രാജൻ സി.എച്ച്
26 അറിയാക്കഥകൾ ..... സി.ഡി ബാബു
27 നെഞ്ചുലച്ച തുടിപ്പുകൾ ..... ജലീഷ കെ ജെ
28 ഇവളും ഒരമ്മ ..... ജോബിൻ പോൾ വർഗീസ്
29 വളർന്നുപോയ കൊഞ്ചലുകൾ ..... ഖൈറുനിസ മലപ്പുറം
30 മരത്തിന്റെ വിലാപം ..... പ്രവീണ.പി

ജീവിതപ്പുഴ

പടരുന്നുനേർത്തതായി
പാറകളിലൂർന്നിറങ്ങി.
പതിക്കുന്നുകുഴികളിൽ
അപ്രതീക്ഷിതവാരികളിൽ
ഒട്ടുംതുളുമ്പാതെ
മണ്ണിന്റെയധരം
കുടിക്കുന്നിവിടെ
പൂർണ്ണവിരാമം

പുഴകടക്കാൻ വരുന്നോരുടെ
കാലിൽ പുതയുന്ന
ചെളിവെള്ളമായി വെറുപ്പിന്റെ
ഉമ്മിനീർ വർഷങ്ങളിൽ
തിടംവച്ചു
ചീർത്ത ചാലായി
ഇനിയൊഴുകുന്നതെന്റെ
പ്രാണനായിമാത്രം. പിടിവിടുന്ന
വാക്കും വികാരവുമടക്കാം
മനസ്സിനെയൊരുപരലായൊളി
ക്കാം അരികുകളിൽ
നേർത്തരാഗം മൂളാതിരിക്കാം
സ്നിഗ്ദ്ധമായതൊക്കെയും കതിര
- വനിലെരിക്കാം

ആകാശമേഘങ്ങളെ
ഉപാസിച്ചിരിക്കാം
അവകനിഞ്ഞമൃതം
തൂകുന്നനാളെൻവരികൾക്കു
ചിലങ്കകെട്ടാം
പലകൂത്തരങ്ങുകളിലേക്കു -
മിറക്കിനിർത്താം
നിയതതാളങ്ങളിൽ തുള്ളിക്കാം
ചുവടുകളിൽ നവഭാവന
മെതിക്കാം സൗന്ദര്യരേണുക്കൾ
പൊഴിക്കാം.

മദനന്റെയമ്പായിചലിക്കാം
അതിനിടയിൽ കടലടുക്കുമ്പോൾ
കാലത്തിൻ
കൈയുകൾകോർക്കാം ഒരു
പുഴയുടെ വികൃതികളിൽ
മണ്ണുതരിച്ചുകിടക്കവേ
ഹംസങ്ങൾ പറന്നിറങ്ങുമൊരാ
കാശഗംഗകൊതിക്കാം.

പതച്ചുപൊന്തിമറ്റൊരിടത്ത്
പുഴപുതിയതായൊഴുകും
പണ്ടൊഴുകിയവഴികൾ
തിരഞ്ഞലഞ്ഞീടവേ കറുത്തമണ്ണുമാന്തിയെൻ
മാറാപ്പുതിരിച്ചെടുത്തു. ജീവിതം
പൂത്തപൂങ്കാവുതേടി അന്ത്യമില്ലാത്ത
ചുടലക്കളങ്ങൾ മൂടികടന്നൊഴുകിതളരവെ
ഉറവ തേടുന്നുസ്മൃതികളിൽ
വറ്റിവരളാതിരിക്കാനായി
കൈനീട്ടിയൊരുതുള്ളിവാങ്ങു
വാനാരുമില്ലെന്നോരങ്ങളിൽ എന്റെ
ഹൃദയത്തിലേക്കുമധുരമായി
മിണ്ടിപായുന്ന വേരുകളില്ല
ഉടലിലാണ്ടൊഴുകുവാൻ പൂക്കളില്ലയിലകളില്ല
പ്രണയത്തണുവിന്റെ കുളി
രോളങ്ങളില്ല പുളകമായ് പണ്ടേ
മനസ്സിലുമതുറഞ്ഞിരിക്കാം
പൊള്ളിനീറിക്കുമടിത്തട്ടുകളെ
ഭയന്നു;വൃത്തങ്ങളില്ലാത ലങ്കാരങ്ങളില്ലാതെ
വിധിയുടെ കൈയെഴുത്തു

പ്രതികളെൻവരികളോരോന്നും
പാഴ്കിനാവുകളെന്റെ കണ്ണുനീരും
കുടിച്ചുവറ്റിച്ചു. പ്രതീക്ഷകളുടെ ചിരിതാളം
കവർന്ന പിളർപ്പുകൾ കരളിലെ
കനത്തചുഴികൾ കാട്ടുതീയുടെ രാഗമായ്
ഇടമുറിയുന്നെന്റെ വരികൾ മഷിയുണങ്ങുന്ന
സിരകളിൽ എന്നുയിരിന്നുടലായിസാഗരം
വേലിയേറ്റമായ്ക്കടർന്നലിയട്ടെ
ഇനിയീപുഴയിലക്ഷരങ്ങളില്ല - സ്പന്ദനങ്ങൾ
കെട്ടണയുന്ന
ഹൃദയത്തിന്നൊഴുക്കില്ല ശാന്തമാണല്ലാം
ശാന്തം.
ഈ പുഴയൊരു ദുഃഖനിശീതമായ്
നീരസനിലോല്പലങ്ങൾക്കു
നീരുനൽകിയാരുമറിയാത ന്ത്യമാം
കടൽതേടിയൊഴുകുന്നു.

രതീഷ് നാരായണൻ

ശ്രീബുദ്ധ സന്ദേശം

മാനവ ദുഃഖത്തിൻ ഹേതു തേടി
ഹിമവൽ സാനുക്കളങ്ങോമനിക്കും
കൊട്ടാരക്കെട്ടും സ്വപുത്രനേയും
വല്ലഭയാകും യശോധരയെ

പൂവൽ മെത്തയിലുപേക്ഷിച്ചിട്ടാ-
ഹേമന്തരാത്രി തന്നന്ത്യയാമം
കൊട്ടാരം വിട്ടങ്ങിറങ്ങുംമുമ്പേ
സിദ്ധാർത്ഥൻ നിന്നതിഖിന്നനായ്

പിന്നെയവൻ ചെന്നുനിന്നു
നിദ്രയിലാണ്ട തൻ പുത്രൻ മുമ്പിൽ
സ്നേഹം നിറഞ്ഞ മനസ്സുമായി
പുത്രന്റെ നെറ്റിമേൽ ചുംബിച്ചിട്ട്

മർത്യന്റെ സേവയതൊന്നു മാത്രം
ലക്ഷ്യമായ് കണ്ടവൻ യാത്രയായി
ഭിക്ഷയെടുക്കേണ്ട പാത്രമൊന്ന്
വിസ്മരിക്കാതവൻ കൈയിലേന്തി

കൊട്ടാരം നൽകും സുഖങ്ങളെല്ലാം
പാടെ ത്യജിച്ചവൻ ത്യാഗിയായി
സിദ്ധാർത്ഥൻ മാത്രമായിരക്കാ-
മിഹലോകസുഖങ്ങൾ വെടിഞ്ഞൊരുവൻ

മാവ ദുഃഖത്തിൻ ഹേതു തേടി
സിദ്ധാർത്ഥനേറെയലഞ്ഞുലകിൽ
ഭിക്ഷയെടുത്തങ്ങലഞ്ഞ ശേഷം
ഭിക്ഷുവാം സിദ്ധാർത്ഥൻ ചെന്നിരുന്നു

മാനവ ദുഃഖത്തിൻ ഹേതു തേടി
ഹിമവൽ സാനുക്കളങ്ങോമനിക്കും
കൊട്ടാരക്കെട്ടും സ്വപുത്രനേയും
വല്ലഭയാകും യശോധരയെ

പൂവൽ മെത്തയിലുപേക്ഷിച്ചിട്ടാ-
ഹേമന്തരാത്രി തന്നന്ത്യയാമം
കൊട്ടാരം വിട്ടങ്ങിറങ്ങുംമുമ്പേ
സിദ്ധാർത്ഥൻ നിന്നതിഖിന്നനായ്

പിന്നെയവൻ ചെന്നുനിന്നു
നിദ്രയിലാണ്ട തൻ പുത്രൻ മുമ്പിൽ
സ്നേഹം നിറഞ്ഞ മനസ്സുമായി
പുത്രന്റെ നെറ്റിമേൽ ചുംബിച്ചിട്ട്

മർത്യന്റെ സേവയതൊന്നു മാത്രം
ലക്ഷ്യമായ് കണ്ടവൻ യാത്രയായി
ഭിക്ഷയെടുക്കേണ്ട പാത്രമൊന്ന്
വിസ്മരിക്കാതവൻ കൈയിലേന്തി

കൊട്ടാരം നൽകും സുഖങ്ങളെല്ലാം
പാടെ ത്യജിച്ചവൻ ത്യാഗിയായി
സിദ്ധാർത്ഥൻ മാത്രമായിരക്കാ-
മിഹലോകസുഖങ്ങൾ വെടിഞ്ഞൊരുവൻ

മാവ ദുഃഖത്തിൻ ഹേതു തേടി
സിദ്ധാർത്ഥനേറെയലഞ്ഞുലകിൽ
ഭിക്ഷയെടുത്തങ്ങലഞ്ഞ ശേഷം
ഭിക്ഷുവാം സിദ്ധാർത്ഥൻ ചെന്നിരുന്നു

ബോധരഹിത നാം സാത്വികന്റെ
ജീവൻ രക്ഷിക്കണമെന്നുറച്ച്
ചണ്ഡാലബാലകൻ വെള്ളത്തിനായ്
ഓടിയരുവിയെ ലക്ഷ്യമാക്കി

നിരാശ ചിത്തനനായ് തീർന്നു ബാലൻ
വറ്റി വരണ്ടയരുവികാൺകെ
പിന്നെയവനോടി ചെന്നടുത്തു
പാൽ ചുരത്തുന്നൊരജത്തെ തോളിൽ

ബദ്ധപ്പെട്ടെത്തിച്ചജത്തെയവൻ
ബോധരഹിതന്റെ ചാരത്തായി
നേരെ കറന്നു പാൽ ചുണ്ടിൽ വീഴ്ത്തി
പിന്നെ തീണ്ടാദൂരം മാറി നിന്നു

ഉള്ളിലുണ്ടായ ഭയംകൊണ്ടാകാം
ചണ്ഡാലനാകെ പകച്ചു നിന്നു
അല്പം കഴിഞ്ഞ ങ്ങാ താപസന്റെ
കണ്ണുകൾ ചിമ്മിത്തുറന്നു വന്നു

നേരെയിരുന്ന വൻ വൃക്ഷംചാരി
നിദ്രയിൽ നിന്നുണർന്നെന്നപോലെ
പിന്നെ പരതിയാകൺകൾ ചുറ്റും
എന്തോ തെരയുന്നന്നപോലെ

കണ്ടവൻ ദൂരത്തായ് മേഘവർണ്ണ
കായനാം ചണ്ഡാലബാലകനെ
ബോധോദയം വന്ന ബുദ്ധദേവൻ
കൈ കൊണ്ടുമാടി വിളിച്ചവനെ

തെല്ലൊന്നു ശങ്കിച്ചു നിന്ന ശേഷം
ചണഡാലനെത്തി കരങ്ങൾ കൂപ്പി
തീണ്ടാം ദൂരത്തവൻ നിന്നു കൊണ്ട്
വേപുതുപൂണ്ട സ്വരത്തിലോതി

"അങ്ങു പൊറുക്കണം ഹീനമായ
ഞാൻ ചെയ്തു പോയതാം
പാതകത്തെ"
ബുദ്ധൻ മൊഴിഞ്ഞതി സൌമ്യനായി
"ഹീനരായില്ലാരുമീയുലകിൽ

ചൂഷകരാരോ പറഞ്ഞു വച്ച
വിഢ്ഡിത്വം മാത്രമായി കണ്ടിടേണം
മാനവ ബോധപ്രചോദത്താൽ
നീ ചെയ്ത കർമ്മമോ പുണ്യം തന്നെ"

പി.എം.ചാക്കോ

അജയകുമാർ എം.എൻ.



മഷിത്തണ്ട്

ഒരു മഷിത്തണ്ടിന്റെ വീട്ടാത്ത കടം
ഇപ്പോഴും മനസ്സിന്റെ കണക്ക്
പുസ്തകത്തിലുണ്ട്.
സ്ലേറ്റിന്റെ മാറിൽ ഉരഞ്ഞ് നീ
മായ്ച്ച ശരിയും തെറ്റും തണുപ്പുള്ള
ഓർമ്മകളാണ്.
കല്യാണം കളിയിൽ ചാർത്തിയ
പത്തരമാറ്റ് താലി നിന്റെ
ഇലയായിരുന്നു.
ഇന്ന്, മുറ്റത്തു നിന്നും
പിഴുതെറിഞ്ഞ
പുൽപ്പടർപ്പിനുള്ളിൽ നിന്റെ
നെടുവീർപ്പുകൾ കുരുങ്ങിക്കിടന്നു.

വയൽപ്പക്ഷി

വാതിൽക്കലോളം

വന്നെത്തി വസന്തം.
വയൽപ്പക്ഷി പാടി
വിരഹാർദ്ര ഗാനം.
മറുപാട്ട് പാടി
മറഞ്ഞുപോയിണക്കിളി
മായാത്ത മാരിവിൽ
മനതാരിലേറ്റി
സ്മരിപ്പൂ വയൽപ്പക്ഷി വീണ്ടും.

സുരേഷ്.ടി.കെ

രക്താർബുദം

ചോരയ്ക്ക് പേര്
പലതാണ്
പണ്ടൊരിക്കൽ ആരോ-
പറഞ്ഞു,ആർത്തവ
ചോരയെന്ന്
ഒറ്റപ്പെടാത്ത
നിറങ്ങളിൽ
ചോപ്പ് അന്ന് ഒറ്റപ്പെട്ടു
നിന്നു
വെളുത്ത മേഘങ്ങൾ
സ്വയം നെയ്ത,
പഞ്ഞിമെത്തയിൽ
കിടക്കാൻ പാടില്ലെന്ന്
പറഞ്ഞപ്പോൾ
കണ്ണാടിയിൽ എന്റെ
ശരീരത്തെ-
കുത്തി നോവിക്കാൻ
ഞാൻ ആഗ്രഹിച്ചു
മേൽക്കൂരക്കു കീഴെ
മൂലയിലിരുന്ന-
എന്നെ,ദൈവം ഒന്നു
പരിഹസിച്ചു
ഏഴു ദിവസം നീണ്ട
ചോരയ്ക്ക്
ആവർത്തമെന്ന്
പറഞ്ഞപ്പോൾ
ഞാൻ പറഞ്ഞു അല്ല
എനിക്ക്
രക്താർബുദമാണ്

ശ്രുതി സി.ആർ

മരണം

ജോബിൻ പോൾ വർഗീസ്
9495595536

മരണം പടിവാതിൽക്കലെത്തി
വരവറിയിക്കാൻ വെളിച്ചം
മറച്ചെന്റെ കണ്ണുകളിൽ
ഇരുട്ട് പടർന്നു കയറിയിരുന്നു
തുറന്നിട്ട ജനാലപ്പടിയിൽ എന്നെ
നോക്കിയിരിക്കാറുള്ള കറുത്ത
പല്ലിയെ കാണാനില്ല, ചിലപ്പോൾ
എനിക്ക് വഴിയൊരുക്കാൻ
പോയതാകാം. എന്റെ കൈകളിലെ
വിയർപ്പിന്റെ ചൂടിൽ നിന്നും
കുതറി മാറാറുള്ള ആ പഴയ മഷി —
പ്പേനയാരോ ചവിട്ടിപ്പൊട്ടിച്ചിരിക്കുന്നു
ചിലപ്പോൾ മരണത്തിന്റെ കാൽ —
പ്പാദങ്ങൾ പതിഞ്ഞതാകാം
അപ്പോഴും ആ ചിതലരിച്ച തട്ടിൻ
പുറത്ത് തൂങ്ങിയാടുന്ന ഫാനിന്റെ കാറ്റിൽ
ഞാനെഴുതാൻ ബാക്കിവച്ച
പുസ്തകത്താളുകൾ എന്റെയൊപ്പം
വരുവാനെന്ന പോലെ അവസാന താൾ
തിരഞ്ഞ് വേഗത്തിൽ മറിഞ്ഞുകൊണ്ടിരുന്നു.....

പ്രപഞ്ച സത്യം

ബാല്യവും കൌമാരവും
യൌവനവും കഴിഞ്ഞാ-
വാർദ്ധക്യത്തിൻ പടിവാതിലെത്തി നിൽപ്പൂ

ഇനിയുമെത്രനാൾ മുന്നോട്ടു പോകുമെന്ന-
റിയില്ല കാലമേ
കാലം നല്കിയ വസന്തങ്ങളിൽ

ഞാനെന്ന ഭാവത്തിൽ നടന്നകാലം
ആടിയും പാടിയും പൊട്ടിച്ചിരിച്ചും
തിന്നും കുടിച്ചും രമിച്ചും നടന്നകാലം

കാലം മാറും കോലം മാറും
മാറ്റത്തിന്റെ ഗണിതം ഞാൻ അറിഞ്ഞില്ല
പൂക്കും കായ്ക്കും കൊഴിയും കാലം

കാലത്തിന്റെ കൈകളിൽ ഞാനും
കൊഴിയും
മാറ്റത്തെ കാണാതെ മുന്നോട്ടു
പോകുവാനാവില്ല
ഇനിയുള്ള കാലമെങ്കിലും...

• സി.ഡി ബാബു , ചങ്ങനാശേരി
9048758595

വേർപാട്

#പ്രിയ_സഖി_തൻ_വേർപാട്..
നിന്റെ കാർകൂന്തലഴകിൽ
കണ്ണുവെക്കാത്തവരായ്ആരുണ്ട് പ്രിയേ..
കണ്ണീരിയിൽ ചാലിച്ച കരിമഷിയുംകണ്ണുനീർ
പോലെ

തന്നെ തെളിഞ്ഞ മുക്കുത്തിയും നിനക്ക്
നന്നേ ചേരുന്നു..എന്നിട്ടും നിന്നിൽ എന്തോ
ഒരു കുറവ് ഞാൻ കണ്ടുഅതേ..അത്
നിന്റെപുഞ്ചിരി ആയിരുന്നു..

ചുവന്ന ചേലചുറ്റിസിന്ധുരവും
തൊട്ട് ചുണ്ടിൽ ഒരുചെറു പുഞ്ചിരിയുമായി
കാലത്ത് അമ്പലത്തിൽ
പോയ് വറാറുള്ള നിന്നെ കണ്ടുണരുന്ന-

എനിക്ക് നിന്നെ ഇങ്ങനെകാണുവാൻ
കഴിയുന്നില്ല എന്നും എന്നെക്കൊണ്ട്
തൊടുവിക്കാറുള്ള ആ..
മംഗല്യ തിലകം ഞാൻ
അവസാനമായ്
ഒന്ന് തൊടുവിച്ചോട്ടെ.,

നിന്റെ കണ്ണുകൾനിറയുന്നുവോ..?
പ്രിയേ..നിറഞ്ഞിട്ടില്ല,
അതുംഎന്റെ തോന്നലായിരുന്നു..

പട്ടിൽ പൊതിഞ്ഞ് തെക്കേ
തൊടിയിലേക്കെടുത്തപ്പോഴും,കണ്ണു
കനിഞ്ഞില്ല കണ്ണുനീർ പൊഴിഞ്ഞില്ല.

എഴുത്തിനെ പ്രണയിച്ചവൻ

നന്ദു



കട്ടിൽ

ഭാഗം വെച്ചപ്പോൾ കിട്ടിയ
നിധികളിലൊന്നായിരുന്നു
" കരിവീട്ടിയിൽ "തീർത്തൊരീ
കട്ടിൽ.
തലമുറകൾ കിടന്ന് തഴമ്പിച്ചത്,
വിയർപ്പ് പൊടിഞ്ഞത് ,
ഭോഗിച്ച് മതിമറന്നത്.
വല്ലാത്തൊരിഷ്ടവും , പ്രണയവും
തോന്നി.
അതുകൊണ്ട് തന്നെ കൂടെ കൂട്ടി.

നിലത്ത് പുൽപ്പായ വിരിച്ച്
പ്രിയതമയെ കെട്ടി
പുണർന്നുറങ്ങിയ
നാളുകളോട് വിട പറഞ്ഞു.
കട്ടിലിൽ നീണ്ട് നിവർന്ന് കിടന്നു.
തിരിഞ്ഞും മറിഞ്ഞും കിടന്നു.

എഴുന്നേറ്റിരുന്ന് കാലുകളെ
ചുംബിച്ചു.
കൈക്കൊണ്ട് തടവി,
ഉമ്മ വെച്ചു ,
സർവ്വത്ര മിനുസം,
പഴമയിൽ നിന്ന് -
പുതുമയുടെ ചൂര് .

പുറത്ത് നിന്ന് വന്നാൽ
ഇറയത്തുള്ള ഇരിപ്പിന് വിട ചൊല്ലി.
മുറിയിൽ അതൊറ്റയ്ക്ക് -
പഴയകാര്യങ്ങളോർത്ത്
നെടുവീർപ്പിടുന്ന പോലൊരു
തോന്നൽ.

എന്റെ കെട്ടിപുണരലിലൊന്നും
കട്ടിലാടാറില്ല.
കിതപ്പുകളിൽ അസ്വാര്യം ചൊരിഞ്ഞതുമില്ല.
ഞാൻ വെറുതെയൊന്ന് ചിന്തിച്ച് പോയി ,
" ജീവനില്ലാത്ത പലതിനും
ജീവൻ കൊടുത്തിരുന്നുങ്കിൽ
അവർക്കെന്തൊക്കെ പങ്കിടാനുണ്ടാവും ...?
അതു പറയും തീർച്ച.

ആദ്യം മുതൽ ,
അവസാനം വരേ .
കഥകളായും , കടങ്കഥയായും
ചിലത് കരയിപ്പിച്ചും
ചിലത് സുഖപ്പിച്ചും തലോടും.
മതിവരാത്ത പലതുകൾക്കും
കൊതിതീരാത്ത ചെപ്പുകൾ തുറക്കും.
കാണാത്തതിനെ
കണ്മുന്നിൽ തെളിച്ചമായി നില്ക്കുന്ന
നിമിഷങ്ങൾ സമ്മാനമായി തരും.

പകലിന്റെ വെളിച്ചംകെട്ട്
രാത്രി ചെറുവെളിച്ചത്തിലേക്ക്
ഉടുത്തൊരുങ്ങിയ പെണ്ണിനെ പോലെ ...!
വല്ലാത്തൊരു മണം വന്ന് പൊതിഞ്ഞ് -
എന്നെ തളർത്തി കിടത്തും.
ഉടയാടകൾ സ്ഥാനം മാറിയ -
നെഞ്ചിന്റെ ചൂടിൽ
എന്റെ ഭാരത്തെ,
കനം കുറച്ച് കുറച്ച് മാറ്റി തീർക്കും കട്ടിൽ.

****

ജയപ്രകാശ് എറവ്.
തൃശ്ശൂർ 9496788683.

മഴയുടെ സംഗീതം

കാടുകൾ വെട്ടിത്തെളിക്കുന്ന ഭൂവിൽ
മൊട്ടക്കുന്നുകൾ പിറക്കുന്നുവോ?
സൂര്യൻ കോപംകൊണ്ടു വിറയ്ക്കുന്നുവോ?
നദികൾ വറ്റിവരളുന്നുവോ?

കാടുകൾ,കോൾനിലങ്ങൾ വരണ്ടു കീറുന്നു
മണ്ണ്മാന്തി യന്ത്രങ്ങൾ
ധരണിയുടെ മാറ് പിളർക്കുന്നു
നവ മണി സൌധങ്ങൾ ഉയരുന്നു

ക്ഷിതിയതു കോൺക്രീറ്റിൽ പൊതിയുന്നു
മഴയുടെ സംഗീതം താളം തെറ്റുന്നുവോ?
ഋതുകൾ മാറി മറിയുന്നുവോ?
സ്വം എന്ന വാക്കിന്റെ മൂല്യ സങ്കൽപ്പവും

ലാഭം ലാഭം എന്നൊരു ചിന്തയും
ഉയരുന്ന മർത്ത്യന്റെ ആർത്തനാദവും
പൊട്ടിത്തകരുന്ന കുടുംബ ബന്ധങ്ങളും
ഞെട്ടിയുണർന്നു....കാൺകെ

ഒരിറ്റ് ദാഹ ജലത്തിനായ് കേഴുന്ന
മർത്ത്യന്റെ രോദനം കേട്ട്
വരണ്ട ഭൂവിന്റെ മാറിൽ
ഒരിറ്റ് നീർതുള്ളിക്കായ്

ഗർത്തങ്ങൾ സൃഷ്ടിച്ചു
വെള്ളത്തിന്റെ ഒരു കണിക പോലും ലഭിച്ചില്ല
മറവിയുടെ സൌധത്തിൽ പേറിയ
പാടങ്ങളെയോർമ്മ വന്നു

പുതുമണ്ണാൽ മറവു ചെയ്ത
നിലങ്ങളെ തേടിയലഞ്ഞ മർത്ത്യൻ
കണ്ടെത്തി ഒരു പച്ചപ്പിൻ
ഹൃദയം തുരന്ന്

ഊറിവന്ന രക്ത തുള്ളികൾ
ഊറ്റി ക്കുടിക്കുവാന്നെത്തിയോർ
തമ്മിൽ കിട്ടിയ തുള്ളികൾക്കായി
കലപില കൂട്ടി രക്തം ചീന്തി

പൊള്ളയായ സംസ്ക്കാരത്തിൻ
പൈതൃകം പേറി വെന്തുരുകി
ഉയരുന്ന രോദനത്തിന് മഴയുടെ സംഗീതം
ഉയരുന്ന മഴയുടെ സംഗീതം ഇറ്റ്,ഇറ്റ്
തുള്ളിയായ് പെയ്തിറങ്ങുമോ കാലം.....

അജേഷ് കുമാർ പി.ബേബി.
സെക്രട്ടറി,അക്ഷര

വൈരാഗ്യം രൂപപ്പെടുമ്പോൾ

കാലത്തിനനുസരിച്ച്അപ്ഡേറ്റ്
ചെയ്യപ്പെടാത്ത
വാശിയും,
പ്രതികാരവും,
വൈരാഗ്യവും,
അഹങ്കാരവും,
ഘോഷയാത്ര പോവാനൊരുങ്ങി..
അപകർഷതാബോധത്തിന്റെ
കോമാളി വേഷം
വിചിത്രമായ ഭ്രാന്ത് വേഷത്തോട്
ഏറ്റുമുട്ടി,
സംഘർഷങ്ങൾ സൃഷ്ടിക്കുക
എന്ന ലക്ഷ്യത്തോടെ..

അധികാരങ്ങൾ കുത്തി നിറച്ച
പേടകത്തിലൂടെയായിരുന്നു യാത്ര.
ഇരുളടഞ്ഞ കുഴിഞ്ഞ കണ്ണുകൾ
സംശയങ്ങളിൽ ആഴ്ന്നിറങ്ങി
കൗതുകത്തോടെ നോക്കുന്നു.
നാണംകെട്ട ചിന്തകൾ സ്വയം
മത്ത് പിടിപ്പിക്കുന്നു..
കൂർത്ത മൂർത്ത കണ്ണുകളിൽ
അഹങ്കാരം ഊർജ്ജമായി
ഒഴുകുകയാണ്.

യൗവനം കാർന്നു തിന്ന
പ്രതികാരവും
വൈരാഗ്യവും
അമ്പതുകളിൽ വീണ്ടും ഉണരുന്നു.
പേപ്പട്ടിയെപോലെ കുരയ്ക്കുന്ന പാപി!
അതിരു കഴിഞ്ഞ സ്വാർത്ഥതയിൽ
മുങ്ങി മരിക്കുകയാണ്.
ഒരുപാട് മനുഷ്യരെ
മരണത്തിലേക്ക് തള്ളിയിട്ട്
പാപത്തിലേക്കുള്ള
യാത്ര പോവുകയാണ്.
ജീവനുള്ള ശരീരത്തെ
പോസ്റ്റ്മാർട്ടം ചെയ്ത്
അതിലും ആനന്ദം
കണ്ടെത്തുന്ന ഉന്മാദ രോഗികൾ..

ശ്രീന. എസ്



മനസ്സ്

നീയും ഞാനും
മനസുകളുടെ
പോസ്റ്റ്മോർട്ടം നടത്തരുത്.
നടന്നാൽ
അനിഷ്ട്ടകരമായ
പലതും അതിലുണ്ടാകും.

കത്താൻ പാകത്തിൽ
പ്രശ്നങ്ങൾ
പുകഞ്ഞുകൊണ്ടിരിക്കും.
വെറുപ്പുകൾ
വെളിച്ചപ്പാടുകളാകും.
സന്ധി ചെയ്യാൻ കഴിയാത്ത
പൂതലിച്ച ചിന്തകളുണ്ടാകും.
കിളച്ച് മറിച്ചിട്ടിരിക്കുന്ന
രഹസ്യവേഴ്ചകളുണ്ടായിരിക്കും.

നിറമുള്ള നുണകൾ
ദഹിക്കാതെ കിടക്കും.
ജീവിക്കുന്ന തെറിവാക്കുകൾ
വിചാരപ്പെട്ട് കിടക്കും
സ്വപ്നങ്ങളിൽ
ഇഷ്ട്ടപ്രണയിനികൾ
ഇറങ്ങിവരും.
സൗഹൃദം

പായൽ മൂടിയ കുളത്തിൽ
അനാഥ ശവമായൊഴുകും.
പ്രാവുകൾ അടയിരിക്കുന്ന
കൂടെന്ന കാഴ്ചയോടെ
നാനാർത്ഥങ്ങൾ ചികയാതെ
ഒറ്റപ്പദമാക്കി
നമ്മുടെ മനസുകളെ
കുഴിമാടം വരെ നടത്തിക്കാം.

ഒഴുകുപാറ സത്യൻ
കൂനംകുളം ലെയിൻ
മുറിഞ്ഞപാലം
മെഡിക്കൽ കോളേജ്. പി. ഒ.
തിരുവനന്തപുരം --11

ഏകൻ

ഓരോ മനുജനും
ഓരോ ദിനവും
ആറടി മണ്ണിൻ
ജന്മികൾ അല്ലോ?

ഇന്നലെ നമ്മൾ കണ്ടവരൊക്കെ
എങ്ങോ പോയി മറയുന്നു
ഞാനെന്നൊരു ഭാവം മനുജൻ
എന്തിനു വെറുതെ നടിക്കുന്നു.

ഒറ്റയ്ക്കല്ലേ ഇഹലോകം വെടിയുക നീ
കൂട്ടിനാരും കൂട്ടില്ലല്ലോ
ഈ ഭൂ ഗോളത്തിൻ
പുലരിയുണരുമ്പോൾ

ആരാരിവിടെ കാണുക നാം
ഈ മനോഹര പാരിൽ
നമ്മുക്കിനിയൊരു-
ജന്മമില്ലല്ലോ....

സി.ഡി ബാബു
9048758595

വിരഹം

വിദൂരമാം ആകാശ ചരിവിൽ വർണ്ണങ്ങൾ ചാലിച്ചു
എന്നെ വരച്ചൊരെൻ ചിത്രകാരാ...
നിൻ വിരൽത്തുമ്പിൻ കരവിരുതിനാൽ
വെൺമേഘപരപ്പിലെ വിശാലമാം വാതിൽ പാളികളിലൊന്നിലായി
വാർമുകിൽ വർണ്ണമായെന്നെ വരച്ച നേരം.

വാക്കേതുമില്ലിപ്പോൾ ചൊല്ലുവാനെങ്കിലും
വാനം നിറഞ്ഞു ഞാനാനന്ദ നൃത്തമാടീ, വാനിലലിഞ്ഞു ഞാനെന്നെ
മറന്നു പാടി .

എത്രമേൽ നീയെന്നെ സുന്ദരമാക്കിയോ, അത്രമേൽ നീ എന്റെ
തോഴനെത്രേ...
ഏഴു വർണ്ണങ്ങളിൽ തീർത്ത എന്നെ നീ മഴവില്ലെന്നോതി വിളിച്ചനേരം
എന്നാനന്ദ കൗതുകം ഒരു മഞ്ഞിൻ കണമായി
മണ്ണിലെ പുൽക്കൊടിത്തുമ്പിനെ പുണരവേ...
ഈ ലോക സൗന്ദര്യം എത്രയെന്നോതുവാൻ
എന്നാർദ്ര ഹൃദയം തുടിച്ച നേരം .

ഞൊടിയിൽ ഞാൻ കണ്ടു തൊടിയിലെ വിരിഞ്ഞ പൂവിലെ മധു
നുകരുവാൻ വന്ന ചിത്ര വർണ്ണചിറകുള്ള പ്രണയാഴ മിഴിയുള്ള
ചിത്ര പതംഗത്തിൻ നിറമോലുമഴക്. അറിയാതെ ഞാനാ ശലഭത്തിൻ
ചിറകിലെ,
വർണ്ണാഭ സൗന്ദര്യ ശോണിമയിൽ മയങ്ങി,

എന്നിലെ പ്രണയ രാഗങ്ങൾക്ക് പുതു ഈണം പകർന്ന്,
പുൽക്കൊടി തുമ്പിലായി വീണ മഞ്ഞുതുള്ളിയിലെൻ ,
മഴവില്ലിൻ നിറമോലും ഹൃദയം നിറച്ച് പ്രണയാർദ്ര ഗീതവും മീട്ടി.
ചിത്രപതംഗത്തിൻ നയനങ്ങൾക്കുള്ളിലായി
ആത്മാവിലാനന്ദം നിറച്ച് ഉന്മാദിയായി വീണു തിളങ്ങി നിന്നു .

ശലഭമോ ഏതുമേ അറിയാതെ ആർദ്രമാം നയനങ്ങളിൽ
ശിശിരത്തിൻ കുളിരെന്നോർത്തു
പുതു മഴവിൽക്കാഴ്ച തൻ ചാരുതയിൽ മയങ്ങി ,
മൗനരാഗത്തിന്റെ തേരിലേറി മറ്റൊരു പൂവിലെ മധു തേടി
പാറിപ്പറന്നകന്നു...

ശുഭ വയനാട്

മഴപെയ്ത്ത്

വിഷാദത്തിന്റെ നനുത്ത
ഈരടികളോടെ
പ്രഭാതത്തിൽ അവൾ
അങ്ങകലെ ആയി
വന്നെത്തിനോക്കി
പൊട്ടിക്കരച്ചിൽ ആയി
മാറാൻ വിതുമ്പുന്ന
തന്റെ വേദനകളെ കൈക്കുള്ളിൽ ഒതുക്കി ഒതുങ്ങി നിന്നു
എന്നിട്ടും
അവളുടെ നെഞ്ചിടിപ്പിന്റെ
താളവേഗം കൂടി, പൊട്ടിത്തെറിച്ചു
തുടങ്ങിയപ്പോൾ.....
കണ്ണിലെ രോഷം
മിന്നലൊളിയായി തെളിഞ്ഞത്
കണ്ടവർ എങ്ങോ പോയി ഭയമോടെ അവളെ ഒളിഞ്ഞു നോക്കി
അവൾ ഇന്ന് രുദ്രയായി മാറിയതു
കണ്ടോന്നു ഞെട്ടി പകച്ചു പോയി
മാറ്റാരോ ചെയ്ത കൊടിയ പാപങ്ങളൊക്കെയും
കഴുകി കളയാൻ അവളുടെ കോപതാപങ്ങൾ ഉറഞ്ഞു തുള്ളി
ഞെട്ടറ്റ് വീണൊരാ പൂവിന്റെ
ഉള്ളിലെ പൂന്തേൻ നുകരുവൻ
വന്നോരാ പൂമ്പാറ്റതൻ
മൃദുലമാ ചിറകുകളിലൊന്നിൽ
അവളുടെ കണ്ണുനീരിൻ തുള്ളി
അറിയാതെ ഒന്ന് പൊഴിഞ്ഞു വീണു.
പൂമ്പാറ്റ അവളുടെ കണ്ണിലെ കണ്ണീർ പ്രവാഹത്തിൻ ആഴം കണ്ടു പൂന്തേൻ കളഞ്ഞു
പറന്നകന്നു
ഒടുവിലായി അവളുടെ കദന കടൽ
അണപ്പൊട്ടി ഒഴുകി തിമിർത്തു പെയ്തു
പ്രകൃതി അവളുടെ കരുത്തിൽ
പകച്ചു നിന്നപ്പോൾ
അവൾ മണ്ണിൻ
മടിയിലേക്ക് പെയ്തിറിങ്ങി.
കാത്തിരുന്നു വന്ന മഴപെണ്ണിൻ
ചടുലാമാം മഴപെയ്ത് മയിൽപ്പീലിക്കടുകളിൽ
ആനന്ദനൃത്തം വിതച്ചു...
വിരിഞ്ഞ മയിൽപീലി
ഹൃദയങ്ങൾക്കുള്ളിൽ
ചിലങ്കകൾ താളം പിടിച്ചു....
മഴയുടെ വിഷാദപെയ്ത്തു ആരുടെയോഒക്കെയോ
മോഹഭംഗങ്ങളായി മാറി
വിരിഞ്ഞ കനവുകളിൽ
മഴമേഘത്തെ നിറച്ചു....
ഒടുവിൽ അവൾ പെയ്തൊഴിഞ്ഞു പോയിടങ്ങളിലൊക്കെയും
നൊമ്പരപച്ച തളിർത്തു നിന്നു,
അവളുടെ വരവിന്റെ അവശേഷ കുറിപ്പുമായി.....
എന്നിട്ടും
നൊമ്പരപെയ്തിന്റെ
കുത്തൊഴുക്കിൽ
നിലതെറ്റി വീഴുന്ന നീർകുമിള
പോലുള്ള സന്തോഷ മരങ്ങൾ
അവളുടെ അടുത്ത
വരവിനായി കാത്തിരുന്നു.....

ശുഭ വയനാട്

ബാല്യം

ചെറുബാല്യത്തിലെ ചില ഓർമ്മകൾ
നമ്മുക്കോർത്തുവയ്ക്കാം
മാമ്പൂകണ്ടതും കണ്ണിമാങ്ങ പറിച്ചതും
മാമ്പഴം തിന്നതും ഓടികളിച്ചതും ഓർത്തുവയ്ക്കാം

ഇടവപ്പാതി മഴനനഞ്ഞ്
പള്ളിക്കൂടംവിട്ടോടി വരുന്നേരം
വഴിയോരത്ത് കെട്ടിക്കിടക്കും
വെള്ളംതെറ്റിച്ച് പൊട്ടിച്ചിരിച്ചതുമോർത്തുവയ്ക്കാം

പുസ്തകസഞ്ചിയിൽ പുസ്തകതാളിൽ
ഒളിപ്പിച്ചുവച്ച മയിൽപ്പീലിത്തുണ്ടിനായ്
കൂട്ടുകാരനോട് കലഹിച്ചതും
കണ്ണീർവാർത്തതും മോർത്തുവയ്ക്കാം


നട്ടുച്ചനേരത്ത് ഓടിക്കളിച്ചതും
ദാഹജലംകൊണ്ട് വിശപ്പകറ്റിയതും
അന്തിനേരത്തു കുടിലിൽ വെളിച്ചംപകരുവാൻ
മിന്നാമിനുങ്ങിനെ സൂക്ഷിച്ചു വച്ചതു മോർത്തുവയ്ക്കാം

മഴവന്ന നാളിൽ വാഴയില ചൂടി
നാണം മറയ്ക്കുവാൻ കുമ്പാള ചുറ്റിയും
പോകുംവഴിയിലെ കശുമാവിനെ കല്ലെറിഞ്ഞും
കശുവണ്ടി ചുട്ടുതിന്നതും മോർത്തുവയ്ക്കാം

സ്കൂൾവിട്ടനേരം തൊടിയിൽ ഓടിക്കളിച്ചു
ആനയെക്കണ്ടും വൈകിയെത്തിയതിന്
അമ്മയുടെ പൊതിരെ തല്ലുവാങ്ങിയതും
അത്താഴമുണ്ണാതെ പിണങ്ങി കിടന്നതുമോർത്തുവയ്ക്കാം

നല്ല സ്വപ്നങ്ങൾ കണ്ടുറങ്ങിയ ബാല്യവും
ഇനിയും തിരികെയെത്തൊത്ത ബാല്യവും
ഓർമ്മമങ്ങിടാത്ത ബാല്യവും
ഓർത്തിരിക്കാം ഓർമ്മകൾ മാത്രം

സി.ഡി ബാബു ചങ്ങനാശേരി



മഴച്ചിന്തുകൾ

തിരിമുറിയാത്ത പെയ്ത്തിനിടയിലും
മേഘജാലകവിരി തെല്ലൊന്നു നീക്കി
അരുണൻ മന്ദഹാസം പൊഴിക്കാറുണ്ട്.
മഴയിൽ കുതിർന്നു പോയ പകലിനെ
ആ പൊൻപ്രഭയിൽ ഞാൻ
നിവർത്തിയൊന്നിടാറുണ്ട് ...

രണ്ടു മഴ ദൂരങ്ങൾക്കിടയിൽ
മാരിവില്ലൊന്ന് മുഖം മിനുക്കുമ്പോൾ
നിറം കെട്ടുപോയ കിനാക്കളെ
മാനത്തേക്കൊന്നഴിച്ചു വിടാറുണ്ട്

തളിരുകളെ തല്ലിക്കൊഴിക്കാനെത്തുന്ന
കുസൃതിക്കാറ്റിൽ
കെട്ടഴിഞ്ഞു പോയ ചിന്താഭാരങ്ങളെ
മറവിയുടെ ചരടിനാൽ കൊരുത്തു വയ്ക്കാൻ
ശ്രമിക്കാറുണ്ട്...

കുത്തിയൊലിച്ചു വരുന്ന കലക്കവെള്ളം
ചവിട്ടിത്തെറിപ്പിക്കുമ്പോഴൊക്കെ
മുഷിഞ്ഞു പോയ ഓർമകളെ
ഒന്നലക്കി വെളുപ്പിച്ചെടുക്കാറുണ്ട്...

മഴയ്ക്കവസാനം
പെയ്യുന്ന കുളിരിൽ
തീ കായാനൊരുങ്ങുമ്പോൾ
ഘനീഭവിച്ചുറച്ചു പോയ
എന്റെ മൗനത്തെ
വിറകായടുക്കി വെയ്ക്കാറുണ്ട്...

അടുത്ത മഴയെയും കാത്ത്
ഉഷ്ണിച്ചിരിക്കുമ്പോൾ
മുറിവുപറ്റിയ
അക്ഷരവിരലിൽ തൂങ്ങി
ഞാനെന്റെ ഏകാന്തതയുടെ
താഴ് വരയിലേക്ക്
ഒന്നിറങ്ങിച്ചെല്ലാറുണ്ട് ...

.✍️ ഖൈറുനിസ

.....

വളയപ്പെടുന്ന നിൻ ഓർമകളിൽ...

മധുരമീ ഏകാന്ത
സ്മൃതിവേളയിൽ
ഇന്ന് വളയപ്പെടുന്ന നിൻ
ഓർമകളിൽ..
ഇനിയില്ല ഇനിയില്ല നീ
ഓർക്കുന്നുവോ സഖി
എൻ മനം പിടയുന്ന ഈ
വേളയിൽ..
ചിന്നിചിതറിയ ചില്ലുകൾ
പോൽ
നമ്മൾ മോഹിച്ചു കെട്ടിയ
സ്വപ്നങ്ങൾ പോൽ...
ഇനിയില്ല ഇനിയില്ല നീ
മാത്രമേ
എങ്കിലും നിൻ ഓർമ്മകൾ
എൻ മനതാരിലായി

ദേവിപ്രിയ സജീവ്



ഋതു

നിനക്കായി ഞാനെൻ
ജാലകങ്ങൾ തുറന്നീടാം
ഒരു കാറ്റായെങ്കിലും
നിനക്കെന്നെ
പുണർന്നീടാൻ
ഗ്രീഷ്മ മാം വസന്തമാം
ഹേമന്തമാം മെൻ
നാളുകളിൽ
എൻ മനം കവർന്നീടാൻ
ഗ്രീഷ്മത്തിലും
വസന്തത്തിലും
ഇലപൊഴിയാം
ശിശിരത്തിലും
നീയെൻ
അരികെയെത്തും
മധുരമാംമെൻ
ഋതുവേ...

ഏയ്ഞ്ചൽ സാബു
അക്ഷര ലൈബ്രേറിയൻ



സൂര്യോദയം

ഉദിക്കുന്ന സൂര്യനെ കണ്ടാലും മതിവരില്ല
പുൽനാമ്പിലെ ജലകിരണം പോലെ
നൈർമല്യമാർന്ന സൂര്യകിരണം

പക്ഷികളും മൃഗങ്ങളും നേരത്തെ-
ഉണർന്നു സുപ്രഭാതം കാണുന്നതിനായ്
അതിരാവിലെ കൂവുന്ന പൂവൻകോഴി
സൂര്യനുദിച്ചെന്നറിയിക്കുകയാണ്

പൂവന്റെയും കിളികളുടേയും കളകളനാദം കേട്ട്
സൂര്യൻ സന്തോഷിക്കുകയാണ്
പുലരി വന്നു വിളിക്കുന്ന നേരം
പ്രതീക്ഷകൾ തൻ വാതിൽ തുറന്നു

സുന്ദരമാം ജീവിത പാതയിൽ
സുഗന്ധം വിതറും പൂക്കളുമായി
മുന്നോട്ടേയ്ക്കായി യാത്ര തുടങ്ങാം
ഒരു ചെറു പുഞ്ചിരിയായി വിടരുന്ന
സൂര്യനെ കണ്ടു നമ്മുക്കുണാരാം

റോസ്ലി മോൾ റെജി
10 A ,സെന്റ് ഷന്താൾസ് ഹൈസ്ക്കൂൾ
മാമ്മൂട്


ഭാഗ്യവാന്മാർ

പ്രണയത്തിൽ വിടർന്ന
പൂവിനെ
ചവിട്ടിയരക്കുമ്പോൾ
അയിലെ
സുഗന്ധമാകുന്നവർ

നഷ്ടപ്പെട്ട
വസന്തത്തെയോർത്തിരു
ന്ന്
സ്വയം
വസന്തമായിത്തീർന്ന്
മറ്റൊരാളുടെ
ഉദ്യാനമാകുന്നവർ

മൊഴിയും മുമ്പേ
മടിപിടിച്ച
ചുണ്ടുകളേക്കാൾ
പ്രണയമെന്ന കവിതയെ
നിലാവും
കിനാവുമാക്കിയവർ

റഹ്മത്തുള്ള പി. കെ തൃശ്ശൂർ



ലയനം

ഉറ്റവരില്ല ഉടയവരില്ല
വേർപ്പിരിയുന്നൊരു
നിലവിളിയില്ല
തന്ത്രിയില്ല,മന്ത്രമില്ല,ചന്ദന
ത്തിൻ ഗന്ധവുമില്ല
വെള്ളകച്ചയിൽ മൂടിക്കെട്ടി
ഊഴം കാത്തു കിടപ്പുഞ്ഞാൻ
നാടിൻ നന്മകൾ ചെയ്യും കൂട്ടർ
അഗ്നിയിലെന്നെ ശുദ്ധീകരിച്ചു
ഇന്നലെവരെ ഞാൻ
ആരായിരുന്നു
ഇന്നൊ വെറുമൊരു വെണ്ണീറ്
ഇനിയും പലരും പലതും
ചൊല്ലും
ഇനി ഞാൻ തിരികെ
വരില്ലല്ലോ
എല്ലാം ഇവിടെ ത്വജിച്ചിട്ട്
മണ്ണിലേക്ക് ലയിക്കുന്നു
ഞാൻ-
മണ്ണിലേക്ക് ലയിക്കുന്നു.

സി.ഡി ബാബു

പരിചിതരിലെ അപരിചിതർ

ആൾക്കൂട്ടത്തിനിടയിലും ഒറ്റപ്പെടൽ
അനുഭവിച്ചിട്ടുണ്ടോ...?
പരിചിതർക്കിടയിലെ
അപരിചിതരെപ്പോലെ..?
രണ്ടു വാക്കുകൾ കാരണമറിയാതെ
കെറുവിക്കുമ്പോഴാണത് സംഭവിക്കുക...
വാതോരാതെ പറഞ്ഞിരുന്ന
വാക്കുകൾക്ക്
അപ്പോൾ ശ്വാസംമുട്ടൽ അനുഭവപ്പെടും...
കൂട്ടത്തിൽ പറയുമ്പോൾ
മൗനം വന്ന് ആശ്ലേഷിക്കും..
യാതൊരു ബന്ധവുമില്ലാത്തവരെപ്പോലെ
പരസ്പരം ദൃഷ്ടി പതിപ്പിക്കും..
എവിടെവച്ചായിരുന്നു ആ പുഞ്ചിരി
ഇറങ്ങിപ്പോയതെന്നന്വേഷിക്കും
തണൽ വിരിച്ച ഒറ്റമരം
ഉണങ്ങിപ്പോയതിൽ
അഗാധമായി വ്യസനിക്കും...
വറ്റിപ്പോയ വാക്കുകളെ
അവിശ്വസനീയതയോടെ ഓർത്തെടുക്കും
ഉതിർന്നു വീഴുന്ന മഴനൂലുകളിൽ
ഓർമകളെ ഒഴുക്കിവിടാൻ ശ്രമിക്കും
എല്ലാം പരാജയപ്പെട്ട് വിചാരങ്ങളെല്ലാം
തിരിച്ച് ഹൃദയത്തിലേക്ക് തന്നെ കയറി
ഇരിപ്പുറപ്പിക്കും ...
ചിന്തകളെ മനസ്സിലേക്ക് വാരിയിട്ട്
അടുത്ത ഒറ്റപ്പെടലിനായ് കാത്തിരിക്കും..
എന്തിനായിരുന്നു എന്ന വിചാരം മാത്രം
അകത്തളത്തിലേക്ക് കയറാതെ
അവർക്കൊപ്പം അലഞ്ഞു നടക്കും..
ഉത്തരം കിട്ടാത്ത ചോദ്യമായങ്ങനെ...

.✍ ഖൈറുനിസ



മൺതട്ടുകൾക്കും മീതെ

എന്നിലെ പെൺജന്മത്തിന് അതിര്
കാക്കുന്നവരെ വെട്ടിച്ചു ഞാൻ
ഇറങ്ങി.....
അവരോടൊന്നും പറയാതെ...
ഏകയായി ഞാൻ
സഞ്ചരിക്കുന്നു.....

പ്രകൃതിയുടെ അതിഥിയായി..
മൺതട്ടുകൾക്കും മീതെ....
അലസമായി കിടക്കുന്ന ഇലകൾക്കും
മീതെ ഞാൻ നടന്നു.....

ആകാശത്താഴ് വരയിൽ ഏകയായ
എൻ മുന്നിൽ നടക്കുന്നത്
പ്രകൃതിയുടെ
വിസ്മയവിളയാട്ടങ്ങൾ.....
മരങ്ങൾ പരസ്പരം
കൂട്ടുക്കൂടുകയാണെന്നുള്ള
തെറ്റിദ്ധാരണ പരത്തിയ
ദൂരവീക്ഷണം.....

മാറിയത് മുത്തശ്ശിമരത്തോട്
ചേർന്നുനിന്നപ്പോൾ...
ഞാനറിഞ്ഞു...
അവരും ഒറ്റയ്ക്കാണെന്ന്....
സ്വയം കാണുന്ന കാഴ്ചകൾ പോലും
തെറ്റിദ്ധരിക്കപെടാമെന്ന വസ്തുത
അപ്പോഴും എന്നിൽ വെളിവായി.....

ശക്തമായ വേരുകളാൽ
പടർന്നുപന്തലിച്ച കൊട്ടാരങ്ങൾ
പോലെ.....
അമ്മമരത്തിന്റെ വേരുകളാകുന്ന
തലയിണയിൽ തലചായ്ച്ചു
ഉറങ്ങിയുണർന്നപ്പോൾ കണ്ടത്...
പ്രകൃതി ഇലകളാൽ പണിത വൃക്ഷ
കുടം....

പരിധികൾക്കുമപ്പുറമുള്ള
ലോകത്തേയ്ക്ക് ഉള്ള
യാത്രയിൽ.....
ഒരു പതിനെട്ടുകാരിയുടെ പക്വത
പോലും എന്നിൽ നിന്നും
തട്ടിയെടുത്ത മട്ടിൽ എന്റെ
പരിധികൾക്കുമപ്പുറമുള്ള സഞ്ചാരം
തുടരുന്നു.....

ദേവിപ്രിയ സജീവ്



കെട്ടഴിയും പശു

കെട്ടഴിഞ്ഞു പോയ
പശുവാണ്
വീട്ടില് വളരുന്ന
പെൺകുട്ടിയും,
അമ്മ പശുവിനോട്
പറഞ്ഞു:

നിന്റെയെരു ഓട്ടമുണ്ടല്ലോ
കയറ്കൈയില്ക്കിട്ടിയാലും
എന്നെയും വലിച്ചുള്ള ഓട്ടം,
അതേ ഓട്ടമാണ്.

പിന്നെയൊരു സൂത്രമേയുള്ളൂ,
അമ്മ മകളോട്
പറഞ്ഞു:
ഏതെങ്കിലുമൊരു
മരത്തിലോ തടിയിലോ
വലിഞ്ഞോടും കയര്
ചുറ്റിപ്പിടിക്കണം.

ഓട്ടമപ്പൊഴേ നിലയ്ക്കും.
കയറഴിച്ചു തിരികെ
നടക്കുമ്പോള്
കൂടെപ്പോരും പശു
അനുസരണയോടെ.

രാജൻ സി എച്ച്

അറിയാക്കഥകൾ

അറിവു നേടുക നാം ഒരോരുത്തരും
ചരിത്രപനിർമ്മിതിയെ
തിരുത്തീടാൻ
കഴിഞ്ഞകാല കഥകൾക്കൊപ്പം
പോരാട്ടത്തിൻ കഥകൾ കൂടി
പഠിച്ചിടേണം

ജന്മി തമ്പ്രാന്മാരുടെ അറകൾ
നിറയ്ക്കുവാൻ
പകലന്തിയോളം പണിയെടുത്തും
പള്ളിക്കൂടം

കണികാണാതെയും
ദൈവത്തെ
തൊഴിതീടാനാവതെയും
വഴിനടക്കാൻ
സ്വാതന്ത്ര്യമില്ലാതെയും
കഴിഞ്ഞൊരു തലമുറയെ
അറിഞ്ഞടേണം

മനനം ചെയ്യണം ഓരോരുത്തരും
മനുഷ്യ ജീവിത്തിൻ
അറിയാക്കഥകൾ

സി.ഡി ബാബു

നെഞ്ചുലച്ച തുടിപ്പുകൾ

ഏറെ കൊതിച്ച
നാളുകൾക്ക്
നോവ് മാത്രം
നിശബ്ദമായി നല്കി
ഒരമ്മയാകാനുള്ള
മോഹത്തെ-
തച്ചുടച്ചു
രണത്തുള്ളികളായ്
പുറത്തേയ്ക്കൊഴുകിയ-
മാംസ പിണ്ഡങ്ങളുടെ
നിലച്ചു പോയ
തുടിപ്പുകളാണ്
എന്റെ നെഞ്ചുലച്ച
തുടിപ്പുകൾ

ജലീഷ കെ ജെ

ഇവളും ഒരമ്മ

ഉടലും മനസ്സും കൊതിപ്പിച്ച സ്നേഹത്തിന്റെ
വിയർപ്പിൽ ഒട്ടിക്കിടന്നപ്പൊഴും
ആറിയ വിയർപ്പിൽ നിന്നാ സ്നേഹം മറ്റൊരു
ഉടലിനെത്തേടി അലഞ്ഞപ്പോഴും

അറിയാതെ തുടിച്ച പ്രണയ നാമ്പുകൾ
നുള്ളിയെടുത്ത്
നുരയുന്ന ലഹരിയിൽ തേടിയെത്തിയ കരങ്ങളിൽ
കുതറിയ മനസ്സും ,

ഇഴുകിയ ഉടലും
വഴിതെറ്റി വന്ന മാൻപേടയുടെ മിഴികൾ പോലെ
രണ്ടിടങ്ങളിലായി പാഞ്ഞു നടന്നു
നിഴലും നിലാവും ഇണ പിരിഞ്ഞതറിയാതെ

അവളുടെ നിദ്രകൾ പകലിനു കടം കൊടുത്തു
അണഞ്ഞ വെട്ടത്തിൽ നിറഞ്ഞ മിഴികളിൽ
തിമിരം പടർന്നപ്പോൾ ഓർക്കാൻ മറന്ന
മുഖങ്ങളിലേതോ

ഒന്നിൽ നിന്നു പടർന്നു കയറിയ
വിഷത്തിൽ നിന്നുമൊരു ബീജമവളിലേക്കു
ഇത്തിൾക്കണ്ണി പോലെ തുളഞ്ഞിറങ്ങി

ഇന്നവൾ രാവുകളെ മറക്കുന്നത് പകയ്ക്കല്ല
അവളിലെ ജീവന്റെ വിശപ്പാറ്റുവാൻ മാത്രം

ഇവളും ഒരമ്മ,അവകാശം പറയാൻ
ആരുമില്ലാത്തൊരു ഗർഭം പേറിയൊരമ്മ

ജോബിൻ പോൾ വർഗീസ്

വളർന്നു പോയ കൊഞ്ചലുകൾ

പത്താം തരം മുതലുള്ള
കുട്ടികളുള്ള വീടുകൾക്കെല്ലാം
ഒരേ വേവും ചൂടുമാണ്.
സൂര്യനു മുമ്പേ ഉണരുന്ന
അടുക്കളയും,
തിരക്കിനെ ഒക്കത്തു വച്ചൊരമ്മയും.

അവളുടെ ആധിയുടെ
അളവോളമെത്തില്ല
ബസിന്റെ വേഗതയും
ബെല്ലിന്റെ കൃത്യതയും.

മടിയിലിരുന്ന് കൊഞ്ചിയ
വർത്തമാനത്തിന്
ശബ്ദ മാറ്റം വന്നപ്പോഴാണ്,
താൻ പഴഞ്ചനായിപ്പോയെന്ന്
അമ്മയറിഞ്ഞത്.

അവളുടെ വാക്കുകളുടെ
മധുരം നുകർന്നവർക്ക്
അതരോചകമായെന്ന
അറിവിൽ നിന്നാണ്
അവൾക്ക് നര വന്നു തുടങ്ങിയത്.

അന്ന് മുതൽ തന്നെയാണ്
വീടിനു മേൽ കരിനിഴൽ വീണതും,
അവളുടെ ആകാശത്തിൽ
തുളവീണ് തുടങ്ങിയതും ,
ശീലയില്ലാതായ കുടക്കമ്പി കണക്കെ
അവൾ വളഞ്ഞു തുടങ്ങിയതും.

തണലു പൊഴിച്ചൊരു മരം
വീട്ടിലില്ലായിരുന്നെങ്കിൽ,
കുടക്കീറിലൂടെ കടന്നുവന്ന
വെയിൽത്തുണ്ടവളെ
പൊള്ളിച്ചു കരിച്ചു കളഞ്ഞേനെ ..

ഖൈറുനിസ മലപ്പുറം

മരത്തിന്റെ വിലാപം

നീ നിന്റെ പച്ചിലയും
ചില്ലയും നീട്ടുമ്പോഴും
മൃത്യുവിൻ മഴു നീട്ടി
ചിതയിലെറിഞ്ഞു
നിന്നെ
കണ്മഷി മായാതെ
കണ്ണീരറ്റു പിടയുന്ന
നിന്നെ
തഴുകുന്നൊരു
കാലം പിറന്നിടും
അന്നു നിൻ ഇലകൾ
തളിർക്കും
പിഴുതെറിഞ്ഞ
കൈകൾ
കൈകൂപ്പിടും

പ്രവീണ പി.



മഴത്തുള്ളികൾ പെയ്തിറങ്ങുമ്പോൾ

അക്ഷര വിഷൻ ഡിജിറ്റൽ പബ്ലിക്കേഷനിലൂടെ അക്ഷര പബ്ലിക് ലൈബ്രറി ഒരു ചരിത്രയുഗത്തിന് തുടക്കം കുറിക്കുകയാണ്. ഡിജിറ്റൽ പബ്ലിക്കേഷൻ എന്നതിലൂടെ ഡിജിറ്റൽ വായനയ്ക്കും,അതുവഴി അക്ഷര ഡിജിറ്റൽ ലൈബ്രറി എന്ന നവ ആശയത്തിനും ആരംഭം കുറിക്കുകയാണ്. അക്ഷര ഡിജിറ്റൽ ത്രൈമാസികയിൽ 10 ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചുവന്ന 30 കവിതകൾ ഉൾപെടുത്തി "മഴത്തുള്ളികൾ പെയ്തിറങ്ങുമ്പോൾ" എന്ന ആദ്യ കവിതാ സമാഹാരം ലോകത്തിന് സമർപ്പിക്കുന്നു.

അക്ഷരവിഷൻ ഡിജിറ്റൽ പബ്ലിക്കേഷൻസ്

SCAN ME **അക്ഷരവിഷൻ മീഡിയ**

അക്ഷര പബ്ലിക് ലൈബ്രറി കണിച്ചുകുളം

അക്ഷര പബ്ലിക് ലൈബ്രറി ഡിജിറ്റൽ പ്രസിദ്ധീകരണം